(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ :

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിന് 'ജനനീ ജന്മരക്ഷ' എന്ന പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000-രൂപാ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താവിന് ധനസഹായം നൽകിവരുന്നു. പോസ്റ്റാഫീസുകൾവഴി മണിയോർഡറായി ടി ഇുക എല്ലാ മാസവും ഗുണഭോക്താവിന് വിതരണം ചെയ്യുവരുന്നുണ്ട്.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർമുഖേന ലഭ്യമാകുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളായ പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമാണ് പ്രതിമാസം 1000-രൂപ വീതം അനുവദിക്കുന്നത്. ടി പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ**

**351 (691)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികവർഗ്ഗ വികസനവകുപ്പ്, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി, തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ജനവിഭാഗങ്ങളുടെ സ്ഥായിയായ സമഗ്രവികസന പദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ പത്തടിപാലം മുതൽ അടിച്ചിതൊട്ടി കോളനിവരെയുള്ള റോഡ് നിർമ്മാണത്തിന് 14.5 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 5 കോടി രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിലെ സമൂഹ അടുക്കളകൾ

**352 (692)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ 2013 മുതൽ എത്ര സമൂഹഅടുക്കളകൾ (Community Kitchan) ആരംഭിച്ചു ; നിലവിൽ ഇപ്പോൾ എത്ര അടുക്കളകൾ പ്രവർത്തിക്കുന്നു ;

(ബി) പ്രസ്തുത അടുക്കളയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് തയ്യാറാക്കുന്നത് ; ഈ അടുക്കളയിലൂടെ ശരാശരി എത്ര പേർക്ക് ഒരു ദിവസം ഭക്ഷണം നൽകുന്നുണ്ട് ;

(സി) ഓരോ അടുക്കളയും പ്രവർത്തിപ്പിക്കുന്നതിന് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ; എത്ര രൂപയാണ് ചെലവാകുന്നത് ; ഒരാൾക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; എത്ര രൂപയാണ് ചെലവാകുന്നത് ; എപ്പോഴാക്കെയാണ് തുക അനുവദിച്ചത് ;

(ഇ) പദ്ധതി നടപ്പാക്കുന്നത് ഏത് വകുപ്പാണ് ; ഏത് ഉദ്യോഗസ്ഥനാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത് ;

(എഫ്) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ സംഭരിക്കുന്നത് എപ്രകാരമാണ് ; സംഭരണവില എപ്രകാരമായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ജി) പണം യഥാസമയം അനുവദിക്കാത്തതിനാൽ ഭക്ഷണ സാധനങ്ങൾ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഭക്ഷണ സാധനങ്ങൾ വാങ്ങിയ വകയിൽ ഏജൻസികൾക്കോ, സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ പണം നൽകാനുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly